"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - ജീവനക്കാര്യം - ധനകാര്യ വകുപ്പിൽ നിന്നും ജോയിന്റ് സെക്രട്ടറി തസ്തികിയിൽ വിരമിച്ച ശ്രീ. മോഹനകുമാർ എം - ന് അഡീഷണൽ സെക്രട്ടറി തസ്തികയിൽ നോഷണൽ പ്രൊമോഷൻ നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1525/2026/GAD തീയതി,തിരുവനന്തപുരം, 25-03-2026.

---

പരാമർശം:-
1. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA -1308/ 2025 നമ്പർ കേസിലെ 31.07.2025 ലെ ഉത്തരവ്.
2. 23.02.2026 തീയതിയിലെ 15/SC1/2026/GA(SC) നം. വിജ്ഞാപനം.

**ഉത്തരവ്**

ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറി ആയിരുന്ന ശ്രീ മോഹനകുമാർ എം-നെതിരെ, വിജിലൻസ് കേസ് (VC 12/2008/IDK) ഉള്ളതിനാൽ, അഡീഷണൽ സെക്രട്ടറി തസ്തികയിലേയ്ക്കുള്ള 2010 ലെ സപ്ലിമെന്റൽ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നില്ല. എന്നാൽ ടിയാനെതിരെ നിലനിന്നിരുന്ന VC 12/2008/IDK നം. വിജിലൻസ് കേസ്സിൽ നിന്നും ടിയാനെ കുറ്റവിമുക്തനാക്കിയിട്ടുള്ളതിനാൽ തടഞ്ഞു വയ്ക്കപ്പെട്ട പ്രമോഷനും അനുബന്ധ ആനുകൂല്യങ്ങളും അനുവദിക്കുന്നതിനായി ടിയാൻ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് OA -1308/ 2025 നമ്പർ കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(2). 24.01.2026 - ന് അഡ്ഹോക്ക് ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി (ഹയർ) യോഗം ചേരുകയും അഡീഷണൽ സെക്രട്ടറി തസ്തികയിലേയ്ക്കുള്ള 2010 ലെ സപ്ലിമെന്റൽ സെലക്ട് ലിസ്റ്റ് പരിഷ്കരിച്ചു ശ്രീ മോഹനകുമാർ എം-നെ Serial

No.1 (A) ആയി ഉൾപെടുത്താൻ തീരുമാനിക്കുകയും പരാമർശം (2) പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. തുടർന്ന് അഡീഷണൽ സെക്രട്ടറി തസ്തികയുടെ ഫീഡർ തസ്തികയായ ജോയിന്റ് സെക്രട്ടറി തസ്തികയിൽ ടിയാളുടെ തൊട്ടടുത്ത ജൂനിയറായ ശ്രീമതി ഡി. ശ്യാമ അഡീഷണൽ സെക്രട്ടറി തസ്തികയിൽ ചാർജ്ജ് ഏറ്റെടുത്ത 26.03.2011 തീയതി പ്രാബല്യത്തിൽ ശ്രീ മോഹനകുമാർ എം - നു അഡീഷണൽ സെക്രട്ടറി തസ്തികയിൽ സാമ്പത്തിക കടിശ്ശികയില്ലാതെ, നോഷണൽ പ്രൊമോഷൻ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നതിനു ധനകാര്യ വകുപ്പ് ശിപാർശ ചെയ്യുകയുണ്ടായി.

(3). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ശ്രീ. മോഹനകുമാർ എം- നു, ടിയാളുടെ തൊട്ടടുത്ത ജൂനിയറായ ശ്രീമതി. ഡി. ശ്യാമ അഡീഷണൽ സെക്രട്ടറി തസ്തികയിൽ ചാർജ്ജ് ഏറ്റെടുത്ത 26.03.2011 തീയതി പ്രാബല്യത്തിൽ അഡീഷണൽ സെക്രട്ടറി തസ്തികയിൽ സാമ്പത്തിക കടിശ്ശികയില്ലാതെ, നോഷണൽ പ്രൊമോഷൻ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. അപ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ - ന്റെ OA -1308/ 2025 നമ്പർ കേസിലെ പരാമർശം (2) ലെ ഉത്തരവ് നടപ്പാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുധ .ബി
അഡിഷണൽ സെക്രട്ടറി

ശ്രീ. മോഹൻകുമാർ എം, ജോയിന്റ് സെക്രട്ടറി (റിട്ടയേർഡ്), ധനകാര്യ വകുപ്പ്
(ധനകാര്യ വകുപ്പ് മുഖേന).
ധനകാര്യ വകുപ്പ്.
അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Noushad. S
Date: 26-03-2026 10:16:55
സെക്ഷൻ ഓഫീസർ

പകർപ്പ്
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടിയുടെ പി. എ - ക്ക്.

പൊതുഭരണ വകുപ്പ് സെക്രട്ടറിയുടെ പി. എ - യ്ക്ക്.